മലയാള മനോരമ
ESTABLISHED 1888

# തൂവൽസ്പർശം

### ചികിൽസ മാത്രമല്ല, പ്രതിരോധംകൂടിയാണു റിഫ്ളക്സോളജി എന്ന ചികിൽസാ രീതി. അതിൽ വിജയം കണ്ടെത്തുന്നു, സി.എ. അൻസാർ എന്ന ആലുവ ഇടയപ്പുറം സ്വദേശി

അനീഷ് നായർ

ചികിൽസിക്കുന്നവരെ കാണാറേയില്ല അൻസാർ. പക്ഷേ, പ്രശ്നമെന്തെന്ന് ഉള്ളിൽ കാണും. അതിനു പരിഹാരം കണ്ടെത്തുന്നതു മരുന്നുകളല്ല. അൻസറിന്റെ മനസ്സും വിരലുകളും ചേർന്നാണ്. കാൽപ്പാദങ്ങളിലും കൈവെള്ളകളിലുമാണു ചികിൽസാ പ്രയോഗം. ചികിൽസ മാത്രമല്ല, പ്രതിരോധം കൂടിയാണു റിഫ്ളക്സോളജി എന്ന ഈ ചികിൽസാ രീതി. ചികിൽസകൻ ആലുവ ഇടയപ്പുറം സ്വദേശി സി.എ. അൻസാർ (29). അലർജിക്കായി നടത്തിയ മറ്റൊരു ചികിൽസാ രീതിയുടെ ദുരന്തഫലം കഴിഞ്ഞ മൂന്നു വർഷമായി അന്ധതയുടെ രൂപത്തിൽ അനുഭവിക്കുന്ന വ്യക്തി കൂടിയാണ് അൻസാർ. അതുകൊണ്ടു തന്നെ മരുന്നുകളൊന്നും ഇല്ലാത്ത റിഫ്ളക്സോളജിക്ക് ഇത്തരം പാർശ്വഫലങ്ങളൊന്നും ഇല്ലെന്നു മാത്രമല്ല ഫലം ഉറപ്പാണെന്നും അൻസാർ ഉറപ്പിച്ചു പറയും.

ആയുർവേദത്തിലെ മർമ ചികിൽസയുടെ വകഭേദമായ അക്യുപങ്ചർ, അക്യുപ്രഷർ എന്നിവയിൽ നിന്ന് ഉരുത്തിരിഞ്ഞ ചികിൽസാ രീതിയാണ് റിഫ്ളക്സോളജി. ചൈന, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ഏറെ പ്രചാരം നേടിക്കഴിഞ്ഞ ഈ ചികിൽസാരീതിയുടെ അടിസ്ഥാന പാഠങ്ങൾ ഏഴ് വർഷം മുമ്പ് മുംബൈയിൽ ഫിസിയോതെറപ്പി പഠിക്കുന്ന കാലത്ത് ഒരു ചൈനാക്കാരനിൽ നിന്നാണ് അൻസാർ പഠിക്കുന്നത്. പിന്നീട് തായ്‌ലൻഡിൽ നിന്നു റിഫ്ളക്സോളജിയിൽ വിദഗ്ധ പരിശീലനം നേടുകയായിരുന്നു. ഓൾട്ടർനേറ്റീവ് മെഡിസിനിൽ ഡോക്ടറേറ്റും നേടി.

'ഒരുവ്യക്തിയുടെ എല്ലാ ആന്തരിക അവയവങ്ങളുമായും ബന്ധപ്പെട്ട ഒരു സ്വിച്ച് റിമോട്ട് കൺട്രോൾ എന്ന പോലെ കാൽപ്പാദങ്ങളിലും കൈവെള്ളയിലും ഉണ്ട്. ഈ മർമ്മം കൃത്യമായി മനസിലാക്കി പ്രത്യേക രീതിയിലുള്ള മർദ്ദം കൊടുത്തു കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട അവയവങ്ങളുടെ പ്രവർത്തനത്തെയും രക്തചംക്രമണത്തെയും ഉത്തേജിപ്പിക്കാനാവും. തടസങ്ങൾ ഉണ്ടെങ്കിൽ മാറ്റാനും കഴിയും. ഇതോടെ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കപ്പെടും. രോഗസാധ്യതയുണ്ടെങ്കിൽ അതു മുൻകൂട്ടിത്തന്നെ കണ്ടെത്തുകയും തടയുകയുമാവാം'– അൻസാർ വിശദമാക്കുന്നു.

ദഹന പ്രശ്നം, ഉറക്കക്കുറവ്, മൈഗ്രേൻ, ശരീര വേദനകൾ, പാർക്കിൻസൺ, രക്തധമനികളിലെ ബ്ലോക്കുകൾ, കൊളസ്ട്രോൾ, നട്ടെല്ല് വേദന, കൈകാൽ കഴപ്പ് തുടങ്ങി ജീവിത ശൈലീ രോഗങ്ങളും മാനസിക സംഘർഷവുംവരെ കുറയ്ക്കാൻ റിഫ്ളക്സോളജിയിലൂടെ കഴിയുമെന്ന് അൻസാർ പറയുന്നു. അര മണിക്കൂർ മുതൽ ഒരു മണിക്കൂർ വരെയാണ് ഒരു സിറ്റിങ്. മൈഗ്രേൻ പോലുള്ള രോഗങ്ങൾ ചിലപ്പോൾ ഒറ്റ സിറ്റിങ് കൊണ്ടുതന്നെ പൂർണമായും മാറ്റാനാവുമത്രേ.



ടോണി ഡൊമിനിക്

അൻസാറിന്റെ ജീവിതത്തിൽനിന്ന് ഓർക്കാപ്പുറത്ത് കാഴ്ചയുടെ വെളിച്ചം നഷ്ടപ്പെടുന്നത് മൂന്നര വർഷം മുമ്പാണ്. പൊടിമൂലമുള്ള അലർജി വന്നപ്പോൾ ഒരു പ്രമുഖ ആശുപത്രിയിൽ ചികിൽസ തേടി. മരുന്നുകളും കഴിച്ചുതുടങ്ങി. അതിന്റെ പാർശ്വഫലം മൂലമാവാം പെട്ടെന്നു തന്നെ കാഴ്ച നശിക്കുകയായിരുന്നെന്ന് അൻസാർ പറയുന്നു. കൈവിട്ട കാഴ്ച തിരിച്ചു പിടിക്കാൻ ചികിൽസ പലതും പിന്നേയും നടത്തിയെങ്കിലും ഫലമുണ്ടായില്ല. ഇതിനിടെ ഡോക്ടർമാർ നിർദേശിച്ചതനുസരിച്ച് ആന്ധ്രാപ്രദേശിലുള്ള പ്രമുഖ ആശുപത്രിയിൽ എത്തി ശസ്ത്രക്രിയ ചെയ്തെങ്കിലും അതോടെ കണ്ണിലെ അവസാന വെളിച്ചവും കെടുകയായിരുന്നത്രേ. റിഫ്ളക്സോളജി കൊണ്ടുപോലും എന്തെങ്കിലും ചെയ്യാൻ കഴിയാത്ത വിധം പ്രശ്നം സങ്കീർണമാവുകയും ചെയ്തു. എങ്കിലും ഇപ്പോഴും കാഴ്ച തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയിലാണ് അൻസാറും ഭാര്യയും മകളും അടങ്ങുന്ന കുടുംബം. അപ്പോഴും ഇല്ലാത്ത കാഴ്ചയെ ഓർത്ത് ദുഃഖിച്ചിരിക്കാതെയും അതിന്റെ പരിമിതികളെ മറികടന്നും റിഫ്ളക്സോളജിയിലൂടെ നിരവധിപ്പേർക്ക് ആശ്വാസം പകരാനുള്ള യജ്ഞത്തിലാണ് അൻസാർ.

'കാഴ്ചയില്ലെങ്കിലും ചെയ്യാം എന്നതാണ് റിഫ്ളക്സോളജിയുടെ ഗുണം. പ്രമുഖ സിനിമാ താരങ്ങളടക്കം നിരവധിപ്പേർക്ക് ഇതുകൊണ്ട് ഗുണം ലഭിച്ചിട്ടുണ്ട്. പലരുടെയും കാലപ്പഴക്കം ചെന്ന രോഗങ്ങളെ ശമിപ്പിക്കാനും കഴിഞ്ഞു'– അൻസാർ പറയുന്നു. റിഫ്ളക്സോളജിയുടെ പ്രചാരണത്തിനായി www.bestfootindia.com എന്ന വെബ്സൈറ്റിനും രൂപം നൽകിയിട്ടുള്ള അൻസാറിന്റെ മനസിലെ സ്വപ്നം ഒരു റിഫ്ളക്സോളജി സെന്റർ സ്ഥാപിക്കുകയാണ്. അൻസാറിന്റെ ഫോൺ: 9744441189